# എൻഡോസൾഫാൻ ഇന്ത്യ വിടുക
# വിഷമരണത്തിനെതിരെ അന്തിമസമരം തുടങ്ങി

കെ. പ്രദീപ്




തെറ്റുതിരുത്തലിന്റെ പാതയിലാണ് കാസർക്കോട് ജില്ലയിൽ മുഖ്യധാരാ രാഷ്ട്രീയ കക്ഷികളും സംഘടനകളും. ഏതാനും പരിസ്ഥിതി പ്രവർത്തകരിൽ മാത്രം ഒതുങ്ങിയിരുന്ന എൻഡോസൾഫാൻ വിരുദ്ധസമരം കൂടുതൽ ജനകീയമാവുകയാണ് അവരുടെ പങ്കാളിത്തം കാരണം. ക്വിറ്റ് ഇന്ത്യ ദിനമായ ആഗസ്റ്റ് 7 ന് നടന്ന എൻഡോസൾഫാൻ ക്വിറ്റ് ഇന്ത്യ ജനകീയ മാർച്ചിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത് പ്രതിപക്ഷ നേതാവ് വി.എസ്. അച്ചുതാനന്ദനായിരുന്നു. ഇടതു വലതു രാഷ്ട്രീയ കക്ഷികളും മറ്റു സാമൂഹ്യ-സാംസ്കാരിക സംഘടനകളും വിദ്യാർത്ഥികളും ജനകീയ മാർച്ചിൽ പങ്കെടുത്തപ്പോൾ അത് വർഷങ്ങളായി എൻഡോസൾഫാൻ വിഷമഴയിൽ ദുരിതമനുഭവിക്കുന്നവർക്കായുയർന്ന ശക്തമായ ശബ്ദമായി മാറി.

എൻഡോസൾഫാന് ക്ലീൻ സർട്ടിഫിക്കറ്റ് നൽകിയ ദുബെ കമ്മറ്റിയുടെ ശുപാർശ നടപ്പിലാക്കിയ കേന്ദ്ര സർക്കാർ തീരുമാനത്തിനെതിരെയായിരുന്നു പ്രക്ഷോഭം. വിഷദ്രാവകം പൂർണ്ണമായും നിരോധിക്കണമെന്ന ആവശ്യം ഇതോടെ ശക്തമായി. കമ്പോഡിയപോലുള്ള രാജ്യങ്ങൾ നിരോധിച്ച എൻഡോസൾഫാൻ കീടനാശിനിക്കെതിരെ ഭോപ്പാൽ ദുരന്ത ദിനം വരെ ശക്തമായി സമരപരിപാടികൾ സംഘടിപ്പിക്കാനും തീരുമാനമായി.

ഹൈക്കോടതി വിധിയുടെ പഴുത് മുതലെടുത്താണ് കാർഷിക ഗവേഷണ കൗൺസിൽ അഡീഷണൽ ഡയറക്ടർ ജനറൽ ഒ.വി. ദുബെയുടെ നേതൃത്വത്തിലുള്ള പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എൻഡോസൾഫാൻ നിരോധിക്കേണ്ടതില്ലെന്ന് തീരുമാനിച്ചത്. പ്ലാന്റേഷൻ കോർപ്പറേഷൻ കശുമാവിൻ തോട്ടങ്ങളിൽ എൻഡോസൾഫാൻ തളിക്കുന്നത് താൽക്കാലികമായി നിരോധിച്ചുകൊണ്ടുള്ള വിധിയിൽ വിദഗ്ദ്ധ സമിതിയുടെ പരിശോധനയ്ക്കുശേഷം പൂർണ്ണ നിരോധനം പരിഗണിക്കാമെന്നാണ് ഹൈക്കോടതി പറഞ്ഞത്. ഇത് മുതലെടുത്ത് കീടനാശിനി നിർമ്മാതാക്കളുടെ സമ്മർദ്ദത്തിനു വഴങ്ങി ഒ.വി. ദുബെയുടെ നേതൃത്വത്തിലുള്ള അന്വേഷണ കമ്മീഷനെ നിയമിക്കുകയായിരുന്നു. പ്രദേശത്തെ പരിസ്ഥിതി പ്രവർത്തകരെയോ, മാധ്യമങ്ങളേയോ അറിയിക്കാതെ ധൃതിയിൽ അന്വേഷണം പൂർത്തിയാക്കിയ ദുബെ കമ്മീഷനിൽ കീടനാശിനി നിർമ്മാതാക്കളുടെ പ്രതിനിധികളുമുണ്ടായിരുന്നു. വർഷങ്ങളായുള്ള കീടനാശിനി കാരണം 58 പേർ മരിക്കുകയും നിരവധി പേർ മാറാരോഗികളാവുകയും ചെയ്തു. എന്നിട്ടും ശക്തമായ എതിർപ്പോ യോജിച്ച പ്രക്ഷോഭമോയുണ്ടായില്ല. ഈ നിസംഗത തുടരുന്നതിനിടയിൽ പ്ലാന്റേഷൻ കോർപ്പറേഷൻ തോട്ടങ്ങളിൽ നിരോധിക്കപ്പെട്ട 'റൗണ്ടപ്പ്' കളനാശിനി ഉപയോഗിക്കുന്നതായി തെളിഞ്ഞു.

ജുഡീഷ്യറി പരാജയപ്പെട്ടതിൽ നിന്നാണ് പുതിയ എൻഡോസൾഫാൻ വിരുദ്ധ പ്രക്ഷോഭം തുടങ്ങുന്നത്. ഈ പ്രക്ഷോഭത്തിനു തുടക്കമിട്ട പലർക്കും നിരവധി പീഢനങ്ങൾ നേരിടേണ്ടി വന്നു. എൻഡോസൾഫാന്റെ ദൂഷ്യം ആദ്യമായി പുറംലോകത്തെ അറിയിച്ച ഡോ. വൈ. എസ്. മോഹൻകുമാർ, കൃഷിവകുപ്പ് ഉദ്യോഗസ്ഥ ലീലാകുമാരിയമ്മ എന്നിവർക്കെതിരെ നിയമ നടപടിയുണ്ടായി. പെസ്റ്റിസൈഡ് മാനുഫാക്ചേഴ്സ് അസോസിയേഷനാണ് ഡോക്ടർക്കെതിരെ മാനനഷ്ടം ആവശ്യപ്പെട്ട് വക്കീൽ നോട്ടീസയച്ചത്. ലീലാകുമാരിയമ്മയ്ക്കെ

(പേജ് 32 ൽ നിന്ന്)

## മലിനീകരണവും പരിസ്ഥിതിയും

ക്ടിസൈഡ് ലിമിറ്റഡിന്റെ പേരിൽ ഒരു മരമെങ്കിലും നിങ്ങൾ ഏലൂരിൽ നട്ടിട്ടുണ്ടോ ? നോട്ടീസിലെ കോടികൾ പരിസ്ഥിതി സംരക്ഷിക്കില്ല എന്ന് മനസ്സിലാക്കണം. കുഴികണ്ടം, പനച്ചിത്തോട്, പള്ളിപ്പുറം ചാൽ എന്നീ ഭാഗങ്ങളിലെ മണ്ണും ഭൂഗർഭജലസ്രോതസ്സുകളും DDT യും മറ്റു നിരവധി രാസവിഷങ്ങളും കൊണ്ട് നിറച്ചപ്പോൾ പകരം അവിടന്ന് ഒരു കൈക്കുമ്പിൾ മാലിന്യമെങ്കിലും നീക്കം ചെയ്തോ ? നിങ്ങൾ മൂലം രോഗികളായ ഒരാൾക്കെങ്കിലും ഒരു വേദനസംഹാരിവാങ്ങാനുള്ള പൈസയെങ്കിലും കൊടുത്തിട്ടുണ്ടോ നാളിതുവരെ ?

### ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ് ലിമിറ്റഡിന്റെ നിതാന്ത ജാഗ്രത

ഏലൂർ വ്യവസായമേഖലയിലെ ഏറ്റവും വൃത്തിഹീനമായ വ്യവസായ അന്തരീക്ഷമാണ് ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ് ലിമിറ്റഡിന്റേത്. 24 മണിക്കൂറും പ്രവർത്തിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡ് (ETP) ഉണ്ടാവും. അതുകൊണ്ടാണല്ലോ 1999 ലും 2003 ലും ഗ്രീൻപീസ് നടത്തിയ പഠനത്തിൽ നൂറിലധികം രാസമാലിന്യങ്ങൾ കണ്ടെത്തിയത്. ഗ്രീൻപീസ് കുപ്രചരണം നടത്തുകയാണെന്ന വാദത്തിനുവേണ്ടി സമ്മതിച്ചാൽ തന്നെ അതേ വർഷം മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ പഠനത്തിൽ 124 രാസമാലിന്യങ്ങൾ കണ്ടെത്തിയിരുന്നു. അതിൽ 40-ഓളം രാസഘടകങ്ങൾ ഡി.ഡി.റ്റി. യും അനുബന്ധ ഓർഗാനോ ക്ലോറിൻ സംയുക്തങ്ങളുമായിരുന്നു. അതിനുപുറമെ 2004 ജൂൺ 15ന് അമിതമായ ജലമലിനീകരണം മൂലംഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ് ലിമിറ്റഡിനെതിരെ PCB Section 24, 25, 26 Water Act 74 പ്രകാരം ജില്ലാ മജിസ്ട്രേറ്റിന്റെ മുമ്പിൽ ഒരു കേസ് ഫയൽ ചെയ്തിട്ടുണ്ട്. അതും കുപ്രചരണം ആകും! 10 വർഷം മുമ്പ് എൻഡോ സൾഫാനുണ്ടാക്കി ബാക്കി വരുന്ന രാസമാലിന്യങ്ങൾ നൂറുക്കണക്കിന് വീപ്പയിലാക്കി മണ്ണിട്ട് മൂടിയത് ഏത് പ്രകൃതിസ്നേഹത്തിന്റെ പേരിലാണെന്ന് വിശദീകരിക്കുമോ?

### ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ് ലിമിറ്റഡിന്റെ ഭാവി

1954 കാലഘട്ടത്തിൽ HIL സ്ഥാപിതമായതുമുതൽ ആ സ്ഥാപനം രാജ്യത്തെ കാർഷിക ആരോഗ്യമേഖലയ്ക്ക് പല സംഭാവനകളും ചെയ്തിട്ടുണ്ടാവും. എന്നാൽ ശാസ്ത്രം പുരോഗമിച്ചപ്പോൾ പണ്ട് രക്ഷകനായിരുന്ന പല രാസഘടകങ്ങളും ഇപ്പോൾ ശിക്ഷകനാണെന്ന് തെളിഞ്ഞുകഴിഞ്ഞതാണ്. ഡി.ഡി.റ്റി. യുടേയും എന്റോസൾഫാന്റേയും കാര്യത്തിൽ ഇതാണ് സംഭവിച്ചത്. കഴിഞ്ഞ കുറേ വർഷങ്ങളായി ലോകത്തെമ്പാടും നടക്കുന്ന പഠനങ്ങളും ഗവേഷണങ്ങളും അതിന്റെ കണ്ടെത്തലും ഡി.ഡി.റ്റി. യും എന്റോസൾഫാൻ പോലുള്ള ഓർഗാനോ ക്ലോറിനുകളും മനുഷ്യനും പ്രകൃതിക്കും അതിവിനാശകരമായ ആഘാതമാണ് ഏൽപ്പിക്കുന്നതെന്ന് കണ്ടെത്തിയതിന്റെ വെളിച്ചത്തിൽ ലോകരാഷ്ട്രങ്ങൾ ചേർന്ന് ഇത്തരം രാസവിഷങ്ങളെ ഭൂമുഖത്തുനിന്നും നിർമാർജ്ജനം ചെയ്യാനുള്ള പരിശ്രമങ്ങൾ നടത്തുകയാണ്. അതിന്റെ ഫലമായി 1992 മുതൽ 2001 വരെ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ 2001 മെയ് 23-ാം തീയതി സ്റ്റോക്ക്ഹോമിൽവെച്ച് ഇന്ത്യകൂടി ഒപ്പുവെച്ച ഈ ലോക ഉടമ്പടി പ്രകാരം 2007 ഓടെ ഡി.ഡി.റ്റിയുടെ ഉൽപ്പാദനം സമ്പൂർണ്ണമായും നിർത്തേണ്ടതാണ്. അതിനർത്ഥം HIL അതിന്റെ ഉൽപ്പാദനപ്രക്രയയിൽ മാറ്റം വരുത്തുകയും ഡി.ഡി.റ്റി യും എന്റോസൾഫാനും പകരമായി പ്രകൃതിസൗഹൃദ ഉൽപ്പന്നങ്ങളിലേക്ക് മാറണമെന്നുമാണ്. അത്തരം ക്രിയാത്മകമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ട ട്രേഡ് യൂണിയനുകളും കമ്പനി മാനേജ്മെന്റും വില കുറഞ്ഞ പ്രചരണങ്ങൾ നടത്തുന്നത് ആരോഗ്യകരമല്ല. HIL നിലനിർത്താനും തൊഴിലാളികളുടെയും ജനങ്ങളുടെയും സുരക്ഷ ഉറപ്പുവരുത്താനും പ്രകൃതിയുടെ സന്തുലനാവസ്ഥ നിലനിർത്താനുള്ള എല്ലാത്തരം ചർച്ചകൾക്കും അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്കും പെരിയാർ മലിനീകരണവിരുദ്ധ സമിതിയുടെ പരിപൂർണ സഹകരണവും ഉറപ്പുനൽകുന്നു.

എന്ന്

| | |
|---|---|
| **യേശുദാസ് വരാപ്പുഴ** | **എം.എം. സക്കീർഹുസൈൻ** |
| ചെയർമാൻ | ജനറൽ കൺവീനർ |

പെരിയാർ മലിനീകരണവിരുദ്ധ ഐക്യദാർഢ്യസമിതിക്കുവേണ്ടി
**പ്രൊഫ. സീതാരാമൻ**

---

# എക്സ്പ്രസ്സ് ഹൈവേ പ്രതിരോധം

## സംസ്ഥാനതല കൺവെൻഷൻ തിരുവനന്തപുരത്ത്

**സെപ്തംബർ 9 ഉച്ചയ്ക്ക് 2 മണിക്ക്. ബാങ്ക് എംപ്ലോയീസ് ഹാൾ, സ്റ്റാച്ച്യു ജംഗ്ഷൻ**

**ജനകീയ പ്രതിഷേധ യോഗം അവിണിശ്ശേരിയിൽ (തൃശൂർ). സെപ്തംബർ 4.**

*ബന്ധപ്പെടാവുന്ന വ്യക്തികൾ :*

ആർ. അജയൻ, തിരുവനന്തപുരം, ഫോൺ : 9847142513; സി.ആർ. നീലകണ്ഠൻ, കൊച്ചി, ഫോൺ : 0484-2424322;
ഹമീദ് വാണിമേൽ, കോഴിക്കോട്, ഫോൺ : 0495-2721695; സെൻസ്, തൃശൂർ, ഫോൺ : 0487-2387589;
കളം രാജൻ, കോട്ടയ്ക്കൽ, ഫോൺ : 0483-2741057; സഖി, തിരുവനന്തപുരം, ഫോൺ : 0471-2462251

---

തിരെ പ്ലാന്റേഷൻ കോർപ്പറേഷൻ കേസ് കൊടുത്തിരിക്കുകയാണ്. വാഹനാപകടത്തിൽ പരിക്കേറ്റ അവരിന്ന് രോഗിയാണ്. ഇത്തരം പ്രതിസന്ധികളിലും, മാധ്യമങ്ങളുടെ പിന്തുണയോടെ പ്രശ്നം സജീവമായി നിലനിർത്താൻ പരിസ്ഥിതി പ്രവർത്തകർക്ക് സാധിച്ചു. ഇതിനിടയിൽ പ്രതിപക്ഷ നേതാവ് വി.എസ്. അച്ചുതാനന്ദൻ ദുരിതബാധിത പ്രദേശങ്ങൾ സന്ദർശിച്ചതാണ് മുഖ്യധാരയിൽ നിന്നുണ്ടായ ഏക ഇടപ്പെടൽ. പാദ്രെ, എൺമകജെ, പെരിയ എന്നിവയ്ക്കു പുറമെ ചീമേനി എസ്റ്റേറ്റിനോട് ചേർന്ന് കിടക്കുന്ന പോത്താൻ കണ്ടത്തും രോഗവും മരണവും വിരുന്നെത്തിയതോടെ കീടനാശിനിക്കെതിരെ ജനരോഷമുയരാൻ തുടങ്ങി. അതോടെ കക്ഷിരാഷ്ട്രീയത്തിനതീതമായ കൂട്ടായ്മ എൻഡോ സൾഫാൻ വിരുദ്ധ സമരത്തിലുണ്ടായി. പൂർണ്ണ നിരോധനം ആവശ്യപ്പെട്ടുള്ള ഈ സമരം പ്ലാച്ചിമട, നർമ്മദ ബച്ചാവോ എന്നിവയുടെ തലങ്ങളിലേക്കുയരുന്ന സൂചനകളാണ് നൽകുന്നത്. പക്ഷെ അത് യാഥാർത്ഥ്യമാവണമെങ്കിൽ മുഖ്യധാരാകക്ഷികളുടെ ഇടപെടൽ ആത്മാർത്ഥമായിരിക്കണം. അല്ലാതെ വോട്ടുബാങ്കിലെ ലാഭനഷ്ടകണക്ക് നോക്കിയാവരുത്.